# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : * 211 15.07.2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ,<br>,, കാരാട്ട് റസാഖ്<br>,, ജെയിംസ് മാത്യു<br>,, കെ.ആൻസലൻ | ശ്രീ.അഡ്വ.കെ.രാജു<br>വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പമന്ത്രി |
| എ) സംസ്ഥാനത്തു നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടുണ്ടോ ; | എ) വനം വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യവന വൽക്കരണ പദ്ധതികളുടെ ഫലപ്രാപ്തി ക്രമമായ ഇടവേളകളിൽ അവലോകനം ചെയ്തുവരുന്നുണ്ട്. |
| ബി) സാമൂഹ്യവനവൽക്കരണമെന്ന പേരിൽ അക്കേഷ്യ തുടങ്ങിയ പാഴ്മരങ്ങൾ വ്യാപകമായി നട്ടു പിടിപ്പിച്ചതു സംസ്ഥാനത്തിന്റെ പരിസ്ഥിതിയെയും ജൈവ സമ്പത്തിനെയും ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കാൻ നടപടിയുണ്ടാകുമോ ; | ബി) സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ അക്കേഷ്യ തുടങ്ങിയ മരങ്ങൾ അധികമായി വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിലും ഇവ പരിസ്ഥിതിയെയും ജൈവസമ്പത്തിനെയും ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശാസ്ത്രീയ പഠനങ്ങളിലൊന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ ഇപ്രകാരമുള്ള അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾക്ക് പകരം തദ്ദേശീയ ഫല വൃക്ഷങ്ങളും തടി ലഭ്യമാകുന്ന തേക്ക് മഹാഗണി തുടങ്ങിയ വൃക്ഷതൈകളും മറ്റ് ഔഷധസസ്യങ്ങളുമാണ് വിതരണംചെയ്ത് നട്ടു പിടിപ്പിച്ചു വരുന്നത്. |
| സി) ഈ പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ ഫണ്ട് വിനിയോഗത്തെക്കുറിച്ച് പ്രത്യേകം പരിശോധന നടത്തുമോ ? | സി) പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ പദ്ധതികളുടെ സാമ്പത്തിക ചെലവുകളും അതുവഴി കൈവരിച്ച ഭൗതിക നേട്ടങ്ങളും നിലവിലുള്ള വകുപ്പുതല സംവിധാനത്തിലും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് മുഖാന്തിരവും പരിശോധനയ്ക്ക് വിധേയമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ